പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

## റേഷൻ കടകളുടെ പ്രവർത്തനം പരിഷ്കരിക്കാൻ നടപടി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 162 — 27.6.11 ൽ മറുപടിക്ക്

| ചോദ്യം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ഉത്തരം<br>ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ റേഷൻ കടകളുടെ നടത്തിപ്പിൽ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) റേഷൻ കടകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ട് നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2008-09 ൽ 270 റേഷൻകടകളും, 2009-10 ൽ 200 റേഷൻകടകളും, 2010-11 ൽ 200 റേഷൻകടകളും, നവീകരിച്ച് കഴിഞ്ഞിട്ടുണ്ട്. 2011 - 12 വർഷത്തിൽ റേഷൻകട നവീകരണത്തിനായി 200 കടകൾകൂടി തെരഞ്ഞെടുക്കുന്നതിനുള്ള നപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) റേഷൻ കാർഡുകൾ വഴി പലവ്യഞ്ജനങ്ങൾ വിതരണം ചെയ്യാനുള്ള മുൻ സർക്കാരിന്റെ തീരുമാനം പിൻതുടരാൻ നടപടി സ്വീകരിക്കുമോ; | (ബി) നിലവിൽ തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളെ ശബരി സ്റ്റോറുകളാക്കി ആവശ്യ സാധനങ്ങളും മറ്റു കൺസ്യൂമർ ഇനങ്ങളും വില്പന നടത്തി വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു കൂടാതെ എല്ലാ റേഷൻകടകൾ വഴിയും മുളക്, മല്ലി, ചെറുപയർ, വൻപയർ, കടല, ഉഴുന്ന് , തുവരപ്പരിപ്പ്, വടപ്പരിപ്പ്, ജീരകം, കടുക്, ഉലുവ തുടങ്ങിയ ആവശ്യസാധനങ്ങൾ 10% വിലക്കുറവിൽ വിതരണം ചെയ്യുവാനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 354 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ 25% കേന്ദ്രസർക്കാർ അനുവദിക്കുന്നതിനുള്ള ശുപാർശയാണ് സമർപ്പിച്ചിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 3000 റേഷൻകടകൾ വഴി ആവശ്യസാധനങ്ങൾ അടങ്ങിയ 300 രൂപ വിലവരുന്ന കിറ്റ് 150 രൂപയ്ക്ക് എല്ലാ റേഷൻകാർഡുടമകൾക്കും വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (സി) റേഷൻ കടകളുടെ നടത്തിപ്പിന്റെ ചുമതലയിൽ മാറ്റം വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ